(സി)&(ഡി) പരിശോധിച്ച് മറുപടി നൽകുന്നതാണ്.

94 (1135) കൊറ്റി-കോട്ടപ്പുറം ജലപാത

ശ്രീ. കെ. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ-പയ്യന്നൂർ-ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള കൊറ്റി-കോട്ടപ്പുറം ജലപാതയുടെ വികസനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ;

(ബി) കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസുമായി ബന്ധപ്പെടുത്തി ഒരു ചെറിയ ബോട്ട് കൂടി അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൃക്കരിപ്പൂർ, പയ്യന്നൂർ, ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള കൊറ്റി-കോട്ടപ്പുറം ജലപാതയുടെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 321.21 ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. അതിൽ വിഭാവന ചെയ്തിരിക്കുന്ന പണികൾ 2001 ഫെബ്രുവരിയിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് നടത്തി വരുന്നു.

(ബി) ഈ റൂട്ടിൽ സർവീസ് നടത്തുക എന്ന ഉദ്ദേശത്തോടെ മൂന്ന് ചെറിയ ബോട്ടുകൾ വാങ്ങുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

95 (1136) ജലഗതാഗതം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗതം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് പ്രോത്സാഹിപ്പിക്കുന്നതിനായി ഏതെങ്കിലും ഏജൻസികളുമായി ഗവണ്മെന്റ് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly